"ഭരണഭാഷ-മാതൃഭാഷ"

# ജനറൽ ആശുപത്രി, അടൂർ

പിൻ: 691523, ഫോൺ : 04734-223236

ഇ-മെയിൽ: gshadoor@gmail.com

നമ്പർ-എ1- 1807/23 തീയതി: 26.06.2023

## ക്വട്ടേഷൻ നോട്ടീസ്

ജനനി ശിശു സുരക്ഷ കാര്യക്രമം (JSSK) മാതൃയാനം പദ്ധതി പ്രകാരം 2023-2024 സാമ്പത്തിക വർഷത്തേക്ക് അടൂർ ജനറൽ ആശുപത്രിയിൽ പ്രസവിച്ച അമ്മമാരെയും കുട്ടികളെയും റണ്ണിംഗ് കോൺട്രാക്ട് വഴി ആശുപത്രിയിൽ നിന്നും വീട്ടിൽ എത്തിക്കുന്നതിന് **1500 CC** യ്ക്കു താഴെ 5 seated ടാക്സി കാർ ഉടമകളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു. സീൽ ചെയ്ത മേലെഴുത്തോടുകൂടിയ ക്വട്ടേഷനുകൾ **11.07.2023**ന് ഉച്ചയ്ക്ക് 2.00 മണിയ്ക്കു മുമ്പായി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നു തന്നെ ഉച്ചയ്ക്ക് 3.00 മണിയ്ക്ക് സന്നിഹിതരായിരിക്കുന്ന ക്വട്ടേഷൻ സമർപ്പിച്ചവരുടെ സാന്നിദ്ധ്യത്തിൽ ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതായിരിക്കും. കുറഞ്ഞ തുക രേഖപ്പെടുത്തിയ വ്യക്തിയ്ക്ക് ക്വട്ടേഷൻ ഉറപ്പിച്ചു നൽകുന്നതായിരിക്കും സ്വീകാര്യമല്ലാത്ത ക്വട്ടേഷനുകൾ നിരസിക്കാനുള്ള അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമാണ്. ക്വട്ടേഷൻ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായിരിക്കുന്നതാണ്.

### നിബന്ധനകൾ

1. ക്വട്ടേഷൻ ഉള്ളടക്കം ചെയ്യുന്ന കവറിനുമുകളിൽ നം. എ1/1807/2023 അടൂർ ജനറൽ ആശുപത്രി **"ജനനി ശിശു സുരക്ഷ കാര്യക്രമം പ്രകാരം സർക്കാർ ആശുപത്രിയിൽ പ്രസവിച്ച അമ്മമാരുടേയും കുട്ടികളുടേയും യാത്രക്കുള്ള ക്വട്ടേഷൻ"** എന്ന് രേഖപ്പെടുത്തിയിരിക്കണം
2. ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ വാഹനത്തിന്റെ ആദ്യത്തെ 5 കിലോമീറ്റർ (2 സൈഡ്) ഓട്ടത്തിന് നൽകേണ്ട പരമാവധി തുക പിന്നീടുള്ള ഓരോ കിലോമീറ്റർ ഓട്ടത്തിനും നൽകേണ്ട തുക എന്നിവ രേഖപ്പെടുത്തേണ്ടതാണ്.
3. ചുരുങ്ങിയത് 5 സീറ്റിംഗ് കപ്പാസിറ്റിയുള്ള 2016-നോ അതിനു ശേഷമോ ഉള്ള മോഡൽ, ടാക്സി പെർമിറ്റുള്ള വാഹനം ആയിരിക്കണം. വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ, ഇൻഷ്വറൻസ്, പെട്രോൾ/ഡീസൽ മറ്റ് എല്ലാ ചിലവുകളും വാഹന ഉടമ തന്നെ വഹിക്കേണ്ടതാണ്. വാഹനത്തിന്റെ ആർ.സി ബുക്ക് അനുബന്ധ രേഖകളുടെ പകർപ്പ് എന്നിവ ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ ഉള്ളടക്കം ചെയ്യേണ്ടതാണ്. ക്വട്ടേഷൻ സ്ഥിരപ്പെടുത്തി ലഭിച്ചാൽ നിബന്ധനകൾ രേഖപ്പെടുത്തി ക്വട്ടേഷൻ സ്ഥിരപ്പെടുത്തിയ വ്യക്തിയുടെ പേരിലെടുത്ത 200/- രൂപ പത്രത്തിൽ സ്ഥാപനമേധാവിയുമായി കരാറിൽ ഒപ്പ് വയ്ക്കേണ്ടതാണ്.
4. വാഹനത്തിന്റെ ട്രിപ്പ് ഷീറ്റിന്റെ സ്റ്റേറ്റ്മെന്റ് ഓരോ മാസവും ഓഫീസിൽ ലഭ്യമാക്കുന്ന മുറയ്ക്ക് തുക അനുവദിച്ച് നൽകുന്നതാണ്.
5. ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി കേന്ദ്ര/കേരള മോട്ടോർ വാഹനചട്ട പ്രകാരമുള്ള നിബന്ധനകൾ പാലിച്ചുള്ള വാഹനം മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.
6. സ്വീകാര്യമായ ക്വട്ടേഷൻ പ്രകാരം അടൂർ ആശുപത്രിയിൽ നിന്നും പ്രസവം നടക്കുന്ന അമ്മയെയും കുഞ്ഞിനേയും അവരുടെ വീടുകളിലേക്ക് എത്തിക്കുന്നതിനുള്ള ഉത്തരവാദിത്വം ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തിയിൽ/ ടാക്സി ഓണറിൽ നിക്ഷിപ്തമായിരിക്കും.

(മറുപുറം)

7. കരാർ കാലാവധി 3 മാസത്തേക്ക് ആയിരിക്കും. സേവനം തൃപ്തികരമെങ്കിൽ കാലാവധി നീട്ടുന്നതിനും കരാർ അവസാനിപ്പിക്കുന്നതിനുമുള്ള അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും. കരാർ നീട്ടിലഭിക്കുകയാണെങ്കിൽ ബാക്കി ഒൻപത് മാസം ക്വട്ടേഷനിൽ രേഖപ്പെടുത്തിയ തുകയ്ക്ക് തന്നെ വാഹനം ലഭ്യമാക്കേണ്ടതാണ്.
8. വാഹനത്തിന്റെ കാര്യക്ഷമതയില്ലായ്മ, കൃത്യസമയത്ത് വാഹനം എത്തിക്കാതെയിരിക്കുക, പെരുമാറ്റ ദൂഷ്യം എന്നിവയുണ്ടായാൽ യാതൊരു മുന്നറിയിപ്പും കൂടാതെ എഗ്രിമെന്റ് ക്യാൻസൽ ചെയ്യുന്നതായിരിക്കും.
9. വാഹനത്തിന് അറ്റകുറ്റപ്പണികൾ ഉണ്ടാകുന്ന സമയത്ത് ക്വട്ടേഷൻ നൽകുന്ന ആളുടെ ഉത്തരവാദിത്വത്തിൽ ഇതേ നിരക്കിൽ തന്നെ പകരം വാഹനം ഹാജരാക്കേണ്ടതാണ്.

GENERAL HOSPITAL ADOOR. PIN-691523

സൂപ്രണ്ട്

**കോപ്പികൾ**

1 ഡയറക്ടേറ്റ് ഓഫ് ഹെൽത്ത് സർവീസ്, തിരുവനന്തപുരം
(വെബ് സൈറ്റിൽ പരസ്യപ്പെടുത്തുന്നതിന്)
2 സ്റ്റേറ്റ് പബ്ലിക് റിലേഷൻ ഓഫീസർ പി. ആർ. ഡി ഓഫീസ് തിരുവനന്തപുരം
3 ജില്ലാ പബ്ലിക് റിലേഷൻ ഓഫീസർ പി. ആർ. ഡി ഓഫീസ് പത്തനംതിട്ട
4 ജില്ലാ മെഡിക്കൽ ഓഫീസ്, (ആരോഗ്യം) പത്തനംതിട്ട
5 ആശുപത്രി നോട്ടീസ് ബോർഡ്
6 അടൂർ നഗരസഭ നോട്ടീസ് ബോർഡ്
7 അടൂർ താലൂക്കാഫീസ് നോട്ടീസ് ബോർഡ്
8 അടൂർ വില്ലേജ് ഓഫീസ് നോട്ടീസ് ബോർഡ്
9 ഫയൽ/സ്റ്റോക്ക് ഫയൽ

കെ.ആർ.